# നെയ്യാറ്റിൻകര നഗരസഭ

# ബഡ്ജറ്റ് 2016–2017

| | | |
|---|---|---|
| വിസ്തീർണ്ണം | : | 28.78 ച:കി:മീ |
| ജനസംഖ്യ | : | 76512 |
| വാർഡുകളുടെ എണ്ണം | : | 44 |
| ഗ്രേഡ് | : | 1 |

| ക്രമ നം | വാർഡ് നം. | വാർഡിന്റെ പേര് | കൗൺസിലർ |
|---|---|---|---|
| 1 | 1 | ആറാലുംമൂട് | എ. സലിം |
| 2 | 2 | പുത്തനമ്പലം | അനിത കെ |
| 3 | 3 | മൂന്നുകല്ലിൻമൂട് | എൽ. ഉഷ |
| 4 | 4 | കൂട്ടപ്പന | ലളിത ടീച്ചർ |
| 5 | 5 | പള്ളിവിളാകം | ജയശീലി കെ സി |
| 6 | 6 | പുന്നയ്ക്കാട് | പുന്നയ്ക്കാട് സജു (പൊതുമരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) |
| 7 | 7 | കളത്തുവിള | പി. മുരുകൻ |
| 8 | 8 | വടകോട് | വി. സുധ |
| 9 | 9 | മുട്ടയ്ക്കാട് | ജ്യോതി വർഗ്ഗീസ് |
| 10 | 10 | ഇളവനിക്കര | എസ്. സതികുമാർ |
| 11 | 11 | മാമ്പഴക്കര | അഡ്വ : ജയഡാളി എം.വി |
| 12 | 12 | മുള്ളറവിള | അഡ്വ : എസ്.എസ്. സ്വപ്നജിത്ത് |
| 13 | 13 | പെരുമ്പഴുതൂർ | അശ്വതി വി.എസ് |
| 14 | 14 | ആലംപൊറ്റ | ജി. സുകുമാരി (ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ) |
| 15 | 15 | പ്ലാവിള | കലമങ്കേഷ്ക്കർ സി.എസ് |
| 16 | 16 | തൊഴുക്കൽ | ആർ. വിജയൻ |
| 17 | 17 | വഴുതൂർ | അഡ്വ : എൽ.എസ്. ഷീല |
| 18 | 18 | കൊല്ലവംവിള | ജെ. ജോജിൻ |
| 19 | 19 | തവരവിള | വി.എൻ. ശശികല |

| | | | |
|---|---|---|---|
| 20 | 20 | കുളത്താമൽ | റ്റി.എസ്. സുനിൽകുമാർ |
| 21 | 21 | ചായ്ക്കോട്ടുകോണം | എൻ. നിർമ്മലാബായി |
| 22 | 22 | മരുതത്തൂർ | ജോളി ജെ |
| 23 | 23 | ഇരുമ്പിൽ | ശ്യാമള കെ |
| 24 | 24 | ഫോർട്ട് | ആർ. അജിത |
| 25 | 25 | വ്ളാങ്ങാമുറി | ഗ്രാമം പ്രവീൺ |
| 26 | 26 | കൃഷ്ണപുരം | സജിത |
| 27 | 27 | രാമേശ്വരം | ഡബ്ല്യൂ.ആർ. ഹീബ (ചെയർപേഴ്സൺ) |
| 28 | 28 | നാരായണപുരം | മേരിഫാത്തിമ എ |
| 29 | 29 | അമരവിള | ഷിബുരാജ് കൃഷ്ണ എം |
| 30 | 30 | പുല്ലാമല | ജി. ബാബുരാജ് |
| 31 | 31 | പിരായുംമൂട് | അനിതകുമാരി എൻ.കെ (വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ) |
| 32 | 32 | ഓലത്താന്നി | എം. സുനിതകുമാരി |
| 33 | 33 | ചുവിള | സത്യരാജ് എസ് |
| 34 | 34 | അത്താഴമംഗലം | സൗമ്യ ഡി |
| 35 | 35 | കവളാകുളം | കെ.കെ. ഷിബു (വൈസ് ചെയർമാൻ) |
| 36 | 36 | പനങ്ങാട്ടുകരി | സുരേഷ്കുമാർ |
| 37 | 37 | നിലമേൽ | വി. ഹരികുമാർ |
| 38 | 38 | മണലൂർ | സി. സുരേന്ദ്രൻ |
| 39 | 39 | ഊരുട്ടുകാല | കെ.പി. ശ്രീകണ്ഠൻനായർ (ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) |
| 40 | 40 | ആലുംമൂട് | എൻ. ഉഷകുമാരി |

| | | | |
|---|---|---|---|
| 41 | 41 | ഠൗൺ | അലിഫാത്തിമ എം (വിദ്യാഭ്യാസ കലാകായിക സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ) |
| 42 | 42 | ബ്രഹ്മംകോട് | ഗീത എസ് |
| 43 | 43 | അതിയന്നൂർ | എസ്.എസ്. ജയകുമാർ |
| 44 | 44 | വഴിമുക്ക് | ഷാമില എസ് |

# നെയ്യാറ്റിൻകര നഗരസഭ

## ബഡ്ജറ്റ് 2016 – 2017

ബഹുമാന്യ നഗരസഭ ചെയർപേഴ്സൺ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ, കൗൺസിൽ അംഗങ്ങൾ, നഗരസഭ സെക്രട്ടറി, ജീവനക്കാരെ മാധ്യമ സുഹൃത്തുക്കളെ,

നെയ്യാറ്റിൻകര നഗരസഭയുടെ 2016–17 ബഡ്ജറ്റ് അവതരിപ്പിക്കാൻ അവസരം ലഭ്യമായതിൽ അതിയായ സന്തോഷമുണ്ട്. നമ്മുടെ കൗൺസിലിന്റെ ആദ്യ ബഡ്ജറ്റാണ്. ജനങ്ങളിൽ ധാരാളം പ്രതീക്ഷ ഉളവാക്കുന്നതാണ് ബഡ്ജറ്റ്. തീർച്ചയായും ആ പ്രതീക്ഷകൾക്ക് ആവേശം പകർന്നുകൊണ്ട് ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളും നാടിന്റെ വികസന പ്രവർത്തനങ്ങളും ഫലപ്രദമായി നടപ്പിലാക്കുക എന്നതാണ് ബഡ്ജറ്റിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

1913 ൽ സ്ഥാപിതമായ നെയ്യാറ്റിൻകര നഗരസഭയ്ക്ക് 103 വയസ്സാണ്. 2000 വരെ ഈ നഗരസഭ 9.99 ച:മീറ്റർ വിസ്തൃതിയുള്ള നഗരസഭയായിരുന്നു. 2000 ൽ പെരുമ്പഴുതൂർ ഗ്രാമപഞ്ചായത്ത് പ്രദേശം നഗരസഭയോട് കൂട്ടിച്ചേർക്കുകയും വിസ്തൃതി 28.78 ച:കി:മീറ്ററായി വർദ്ധിക്കുകയും ഉണ്ടായി. ഇപ്പോൾ 44 വാർഡുകളും 76512 ജനസംഖ്യയും ഉൾപ്പെട്ടതാണ് ഈ നഗരപ്രദേശം.

ജനപക്ഷത്തുനിന്ന് പ്രവർത്തിക്കുന്ന പുതിയ ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നതിൽ നഗരത്തിലെ ജനങ്ങൾ വലിയ സന്തോഷത്തിലും പ്രതീക്ഷയിലുമാണ്. ജനകീയാസൂത്രണ പ്രക്രിയയ്ക്ക് പുതിയ മാനങ്ങൾ സൃഷ്ടിക്കും. അധികാരത്തിൽ വന്ന ഉടൻ തന്നെ ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചതും പെൻഷൻ എല്ലാമാസവും വീടുകളിൽ എത്തിക്കും എന്ന തീരുമാനം ഏറെ ആശ്വാസകരമായി മാറിയിട്ടുണ്ട്. അഴിമതിരഹിതമായ ഒരു പൊതുഭരണമാണ് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം കൃത്യമായും ലഭ്യമാകുമെന്ന് ബഹു: മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ പ്രഖ്യാപനം വളരെ ആശ്വാസം പകരം.

അധികാരവികേന്ദ്രീകരണത്തിന്റെയും ജനകീയാസൂത്രണത്തിന്റെയും ഗുണകരമായ വശങ്ങളെ ജനങ്ങളിൽ എത്തിക്കുന്നതിനും ജനങ്ങളുടെയും വിവിധ സന്നദ്ധസംഘടനകളുടെയും ആശയങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ചുകൊണ്ട്

ഒരു സുസ്ഥിരമായ വികസന നയമാണ് ഈ കൗൺസിൽ ആഗ്രഹിക്കുന്നത്. ഈ നഗരത്തിന്റെ സ്ഥായിയായ വികസനം ലക്ഷ്യം വച്ച് ദീർഘവീക്ഷണത്തോടു കൂടിയുള്ള പല പദ്ധതികളും തുടക്കം കുറിയ്ക്കുവാൻ 1979 മുതലുള്ള കൗൺസിലുകൾക്ക് കഴിഞ്ഞിട്ടുണ്ട്. അതിവേഗതയിൽ വളർന്നു കൊണ്ടിരിക്കുന്ന നഗരത്തിൽ ഒട്ടനവധി വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. അതിന് ഒരു കൂട്ടായ പ്രവർത്തനം ആവശ്യമാണ്. രാഷ്ട്രീയത്തിനധീനമായ ഒരു വികസന നയമാണ് നമുക്ക് ആവശ്യം. നഗരവികസനത്തിന് അടിത്തറ പാകിയ കഴിഞ്ഞ കൗൺസിലുകളുടെ പ്രവർത്തനങ്ങളെ ഈ സന്ദർഭത്തിൽ സ്മരിക്കുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിയ്ക്കുന്ന പദ്ധതി വിഹിതങ്ങളും, ലോകബാങ്ക്, തനതു വരുമാനവും, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, UIDSSMT, IHSDP, പതിമൂന്നാം ധനകാര്യ കമ്മിഷൻ, ശുചിത്വ മിഷൻ എന്നിവിടങ്ങളിൽ നിന്നുള്ള ധനസഹായം, എം.പി., എം.എൽ.എ. ഫണ്ടുകളും സംയോജിപ്പിച്ചുകൊണ്ട് നഗരത്തെ സമഗ്ര വികസന പന്ഥാവിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2016-2017 വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

നഗരത്തിൽ ജനങ്ങളുടെ ചിരകാല സ്വപ്നമായ വൈദ്യുത ശ്മശാനം യാഥാർത്ഥ്യമാക്കും. നഗരം ഇന്ന് ഏറെ ബുദ്ധിമുട്ട് നേരിടുന്ന മാലിന്യപ്രശ്നത്തിന് പരിഹാരമെന്ന നിലയിൽ വികേന്ദ്രീകൃത സംസ്ക്കരണം സാധ്യമാക്കുന്നതിനായി ഏയ്റോ ബിൻ, ബയോബിൻ, പൈപ്പ് കമ്പോസ്റ്റ് എന്നിവ സ്ഥാപിക്കും. നഗരത്തിൽ വിഷരഹിത പച്ചക്കറി ഉത്പാദനത്തിന്റെ ഭാഗമായി ജൈവ പച്ചക്കറി കൃഷി തരിശു പുരയിടങ്ങളിലും വീടുകളിലും നടപ്പിലാക്കും. നഗരത്തിലെ സന്നദ്ധസംഘടനകളുടെയും റസിഡൻസ് അസോസിയേഷനുകളുടെയും സഹായസഹകരണങ്ങൾ ഉറപ്പാക്കും. ഉത്പാദിപ്പിക്കുന്ന പച്ചക്കറി വിപണനം നടത്തുന്നതിന് വിപണന കേന്ദ്രം ആരംഭിക്കും. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തൊഴിൽ ദിനങ്ങൾ 100 ദിവസമാക്കും. ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ആഹാരവും മരുന്നും നൽകുന്ന പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും. പെരുമ്പഴുതൂർ, നെയ്യാറ്റിൻകര എന്നീ കൃഷിഭവനുകൾക്ക് കെട്ടിടം നിർമ്മിക്കും. നെയ്യാറ്റിൻകര നഗരസഭയിൽ സമ്പൂർണ്ണ സാനിട്ടേഷൻ, വൈദ്യുതീകരണം എന്നിവ നടപ്പിലാക്കും. “എല്ലാവർക്കും ഭവനം” എന്ന പദ്ധതി നടപ്പിലാക്കും. പ്ലാസ്റ്റിക് വിമുക്ത നഗരം എന്ന ലക്ഷ്യം പൂർത്തീകരിക്കും. കുടുംബശ്രീയുടെ സഹകരണത്തോടെ പേപ്പർ, കോട്ടൺ കാരിബാഗ് എന്നീ യൂണിറ്റുകൾ ആരംഭിക്കും. പാലുല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കും. ക്ഷീരകർഷകർക്ക് പ്രത്യേക പാക്കേജ് നടപ്പിലാക്കും. നഗരപ്രദേശത്തെ കുളങ്ങളും ജലസേചന തോടുകളും നവീകരിക്കും. കുളങ്ങളിൽ മത്സ്യകൃഷി വ്യാപകമാക്കും. നീരുറവകളും ജലസ്രോതസ്സുകളും സംരക്ഷിക്കും. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള

സഹായങ്ങൾ നൽകും. കുടിവെള്ള ലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടി കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഈരാറ്റിൻപുറം മിനി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കും. നഗരത്തിലെ റോഡുകൾ ഗതാഗതയോഗ്യമാക്കും.

നഗരസഭ ലൈബ്രറിയിൽ കമ്പ്യൂട്ടർ സ്ഥാപിച്ച് ഇന്റർനെറ്റ് സംവിധാനം ഒരുക്കി യുവതീ യുവാക്കൾക്ക് സൗജന്യമായി പി.എസ്.സി. അപേക്ഷകൾ ഓൺലൈൻ വഴി സമർപ്പിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കും. വലിയ വിസ്തൃതിയുള്ള നഗരമായതിനാൽ എല്ലാ പ്രദേശങ്ങളിലും വിവിധ ആവശ്യങ്ങൾക്ക് എത്തിച്ചേരുന്നതിനുള്ള വാഹനം വാങ്ങി നൽകും. യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നഗരത്തിലെ വിവിധ സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കും. നെയ്യാറ്റിൻകര കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാന്റിൽ വിശ്രമകേന്ദ്രം നിർമ്മിക്കും. വിവിധ വാർഡുകളിൽ പ്രാദേശികമായി നിലനിൽക്കുന്ന കുടിവെള്ള പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുന്നതിന്റെ ഭാഗമായി മിനി കമ്മ്യൂണിറ്റി ഇറിഗേഷനുകൾ നിർമ്മിക്കും.

ഡോ: ജി.ആർ. ന്റെ നാമധേയത്തിലുള്ള മുനിസിപ്പൽ ഇൻഡോർ സ്റ്റേഡിയം സ്പോർട്ട്സ് കൗൺസിലിന്റെ സഹകരണത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും. പെരുമ്പഴുതൂർ, കോട്ടൂർ കളിസ്ഥലം ഇൻഡോർ ഷട്ടിൽ കോർട്ട് ആരംഭിക്കും. ഓലത്താന്നി പി.എച്ച്.സി. യെ ഐ.പി. സംവിധാനമുള്ള ആശുപത്രിയാക്കി ഉയർത്തും. പെരുമ്പഴുതൂർ ജംഗ്ഷൻ വികസനത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുത്ത് ജംഗ്ഷൻ വികസിപ്പിക്കും. ഈരാറ്റിൻപുറം ടൂറിസം ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റും. നഗരത്തിലെ ഉൾപ്രദേശങ്ങളിലെ പ്രധാന കേന്ദ്രങ്ങളിൽ സോഡിയം ലൈറ്റുകൾ സ്ഥാപിക്കും. കുളത്താമൽ വെൺകുളത്ത് സാംസ്ക്കാരിക നിലയം പുതുക്കി പണിയും. ചിൽഡ്രൻസ് പാർക്കും ബോട്ട് സർവ്വീസും ആരംഭിക്കും. സ്വദേശാഭിമാനി ഠൗൺഹാൾ വികസനത്തിന്റെ ഭാഗമായി സ്ഥലം കണ്ടെത്തി പുതിയ ഹാൾ നിർമ്മിക്കും. റ്റി.ബി. ജംഗ്ഷൻ, ഠൗൺ മാർക്കറ്റ് വികസിപ്പിക്കുന്നതിനു വേണ്ടി മണലൂർ പ്രദേശത്ത് സ്ഥലം ഏറ്റെടുത്ത് ജില്ലയിലെ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഫിഷ് മാർക്കറ്റായി മാറ്റുകയും അറവുശാല ആധുനികവത്കരിക്കും. ആറാലുംമൂട് മലക്കറി ചന്ത ഹൈടെക്ക് മാർക്കറ്റാക്കി മാറ്റും. പെരുമ്പഴുതൂർ, കൊടങ്ങാവിള, ഓലത്താന്നി, അമരവിള എന്നീ ചന്തകൾ നവീകരിച്ച് ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കും. നഗരത്തിലെ പ്രധാന കേന്ദ്രങ്ങളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ നിർമ്മിക്കും. അമരവിളയിൽ വിനോദ സഞ്ചാരികൾക്ക് വിശ്രമിക്കുന്നതിനുവേണ്ടി വിശ്രമകേന്ദ്രം നിർമ്മിക്കും. പനങ്ങാട്ടുകരി കോരക്കുളം അമരവിളയിലെ പുത്തൻകുളം എന്നിവയെ നീന്തൽ പരിശീലന കേന്ദ്രങ്ങളാക്കും. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

പ്രവർത്തനക്ഷമമാക്കും. പട്ടികജാതി കോളനികൾ നവീകരിക്കും. നാരായണപുരം വാർഡിലെ അമ്മോട്ടുകോണം കുളം, തട്ടാരക്കോണം കുളം നവീകരിക്കും. പിരായുംമൂട് വാർഡിലെ പിണമിടുകുഴി കടവ് അലക്കുതൊഴിലാളികൾക്ക് ആധുനിക സൗകര്യത്തോടു കൂടി അലക്കുന്നതിനുവേണ്ടി സൗകര്യം ഏർപ്പെടുത്തും. ഠൗൺ വാർഡിലെ കണിയാംകുളം നവീകരണം.

നവോത്ഥാന നായകരുടെയും സ്വാതന്ത്ര്യസമരസേനാനികളുടെയും കലാസാംസ്ക്കാരിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച നെയ്യാറ്റിൻകരയുടെ അഭിമാനങ്ങളായ വ്യക്തിത്വങ്ങളുടെ നാമധേയത്തിൽ ഏക്കാലത്തും ഓർമ്മിക്കുവാൻ കഴിയുന്ന സ്മാരകങ്ങൾ നിർമ്മിക്കും. ഭിന്നശേഷിയുള്ള കുട്ടികൾക്ക് തൊഴിൽപരിശീലനവും കോച്ചിംഗ് സെന്ററുകളും ആരംഭിക്കും. നെയ്യാറ്റിൻകര ഗവ: ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ ബഹുനില കെട്ടിടം നിർമ്മിക്കും. സാംസ്ക്കാരിക ഉത്സവങ്ങൾ സംഘടിപ്പിക്കും. ചെയർപേഴ്സൺ ദുരിതാശ്വാസനിധി കാര്യക്ഷമമാക്കും. അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് നവീകരിക്കും. നഗരത്തിൽ വാഹന പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തും. സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്ത അംഗൻവാടികൾക്ക് ഭൂമി ലഭ്യമാക്കി കെട്ടിടം നിർമ്മിച്ചു നൽകും. ഫ്രീസർ സംവിധാനത്തോടെയുള്ള ആംബുലൻസ് സർവ്വീസ് ആരംഭിക്കും. വാർഡ് കേന്ദ്രങ്ങൾ നിമ്മിക്കും. നഗരസഭ ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കും. നഗരത്തിലെ ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങി നൽകും. പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കും. യുവതീ-യുവാക്കൾക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിനുള്ള സഹായങ്ങൾ ലഭ്യമാക്കും. ഭൂരഹിതർക്ക് വസ്തു വാങ്ങി നൽകും. പരമ്പരാഗത കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കും. ആറാലുംമൂട് കാളചന്തയിൽ കല്ല്യാണമണ്ഡപം നിർമ്മിക്കും. മാമ്പഴക്കരയിൽ നഗരസഭ സ്ഥലത്ത് മാർക്കറ്റ് കം ആഡിറ്റോറിയം നിർമ്മിക്കും. മൂന്നുകല്ലിൻമൂട് ആയുർവ്വേദ ആശുപത്രിയിൽ പഞ്ചകർമ്മ ചികിത്സ സൗകര്യം ഏർപ്പെടുത്തും. ഇരുമ്പിൽ-കുളത്താമൽ വാർഡിലെ നഗരസഭ ഭൂമി ചുറ്റുമതിൽ കെട്ടി കളിസ്ഥലമാക്കും. കന്നിപ്പുറം നെയ്യാറിന് കുറുകെ തൂക്കുപാലം നിർമ്മിക്കും. ഊരുട്ടുകാലയിലെ സാംസ്ക്കാരിക നിലയത്തിന്റെ പ്രവർത്തനം നഗരസഭ ഏറ്റെടുത്ത് കാര്യക്ഷമമാക്കും.

പത്താംകല്ല്-പുത്തനമ്പലം-തേരന്നൂർ-പുന്നയ്ക്കാട് റോഡ് സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി വികസിപ്പിക്കും. നെയ്യാറിൽ പിരായുംമൂട്, പിണമിടുകുഴി, രാമേശ്വരം എന്നിവിടങ്ങളിൽ കടവുകൾ നിർമ്മിക്കും. വാർഡുകളെയും പ്രദേശങ്ങളെയും ബന്ധിപ്പിക്കുന്ന ലിങ്ക് റോഡുകൾ നിർമ്മിക്കും. പുന്നയ്ക്കാട്-പള്ളിവിളാകം, കവളാകുളം-കൊടങ്ങാവിള, പറമ്പുവിള-കാവുവിള ഈ പ്രദേശങ്ങൾ തമ്മിൽ ബന്ധിപ്പിക്കും.

നെയ്യാറ്റിൻകര നഗരത്തെ 5 കിലോമീറ്റർ ചുറ്റളവിൽ Wi-Fi സംവിധാനം ഏർപ്പെടുത്തും. നഗരസഭ ഡിജിറ്റലേഷന്റെ ഭാഗമായി ഓൺലൈൻ സർട്ടിഫിക്കറ്റ് സംവിധാനം നടപ്പിലാക്കും. നഗരസഭ ജനസേവനകേന്ദ്രം കാര്യക്ഷമമാക്കും. ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിക്കും. ദേശസാൽക്കൃത ബാങ്കുമായി സഹകരിച്ച് കർഷകർക്ക് കുറഞ്ഞ വായ്പ ലഭ്യമാക്കും. നഗരസഭ ഓഫീസ് നവീകരിക്കും. പകൽവീടിന്റെ പ്രവർത്തനം കാര്യക്ഷമമാക്കും. വയോജന ക്ലബുകൾ രൂപീകരിച്ച് വയോജകർക്ക് ചികിത്സയും മരുന്നും ലഭ്യമാക്കും. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സി.റ്റി സ്കാനും ലാബും സ്ഥാപിക്കും. നെയ്യാറ്റിൻകര നഗരസഭയിൽ പാലിയേറ്റീവ് കെയർ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കെട്ടിടം നിർമ്മിച്ചു നൽകുകയും ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുകയും ചെയ്യും. നഗരസഭ ജീവനക്കാരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പഞ്ചിംങ് സിസ്റ്റം ഏർപ്പെടുത്തും. വനംവകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് വൃക്ഷതൈകൾ നട്ടുപിടിപ്പിക്കും.

പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളിലെ ഭൗതീകസാഹചര്യങ്ങൾ മെച്ചപ്പെടുത്തിയും സ്മാർട്ട് ക്ലാസ് റൂമുകൾ നിർമ്മിച്ചും അവധി ദിവസങ്ങളിലും സായാഹ്നങ്ങളിലും ക്ലാസുകൾ സംഘടിപ്പിച്ച് മികവുള്ള വിദ്യാഭ്യാസ സമ്പ്രദായം നടപ്പിലാക്കും. സ്ത്രീശാക്തീകരണം ലക്ഷ്യം വച്ച് കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വായ്പകളും ധനസഹായങ്ങളും നൽകി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കും. ദാരിദ്ര്യരേഖയ്ക്ക് താഴെവരുന്ന കുടുംബങ്ങൾക്ക് 1 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ നൽകും.

ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കാൻ ജനപ്രതിനിധികളും ജീവനക്കാരും ഒരുമിച്ച് നിന്ന് പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അധികാരവികേന്ദ്രീകരണത്തിൽ രാജ്യത്തിന് മാതൃകയാകാൻ കേരളത്തിന് കഴിഞ്ഞു. വികസനസേവനക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് എല്ലാ പിന്തുണയും കക്ഷി രാഷ്ട്രീയത്തിന് അതീതമായി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. നടപ്പുവർഷത്തെ പദ്ധതികൾ നടപ്പിലാക്കുവാനും ഒരു പുതിയ വികസന കാഴ്ചപ്പാട് ലക്ഷ്യംവച്ച് പ്രവർത്തിക്കുന്ന ബഹുമാന്യ നഗരസഭ ചെയർപേഴ്സൺ **ശ്രീമതി. ഡബ്ല്യൂ.ആർ. ഹീബയെ** ഈ സന്ദർഭത്തിൽ പ്രത്യേകമായി അഭിനന്ദിക്കുന്നു. ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനാവശ്യമായ സഹകരണങ്ങൾ നൽകിയ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരായ **ശ്രീമതി. എൻ.കെ. അനിതകുമാരി, ശ്രീ. കെ.പി. ശ്രീകണ്ഠൻ നായർ, ശ്രീ. പുന്നയ്ക്കാട് സജു, ശ്രീമതി. ജി. സുകുമാരി, ശ്രീമതി. എം. അലിഫാത്തിമ,** ഫൈനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളായ **ശ്രീ. എസ്.എസ്. ജയകുമാർ,**

**ശ്രീമതി. ലളിത ടീച്ചർ, ശ്രീ. എം. ഷിബുരാജ്കൃഷ്ണ, ശ്രീ. സി. സുരേന്ദ്രൻ, ശ്രീമതി. ആർ. അജിത, ശ്രീ. എസ്. സതികുമാർ, ശ്രീമതി. കെ.സി. ജയശീലി** മറ്റ് കൗൺസിലംഗങ്ങൾ, മുനിസിപ്പൽ സെക്രട്ടറി **ശ്രീ. ജെ. മുഹമ്മദ് ഷാഫി,** മുനിസിപ്പൽ എഞ്ചിനീയർ **ശ്രീ. ഡേവിഡ് ജോൺ ഡി' മോറീസ്** അക്കൗണ്ടന്റ് **ശ്രീമതി. ദിവ്യ എസ്. നായർ,** കൗൺസിൽ ക്ലർക്ക് **ശ്രീ. റ്റി. രമേശ്** മറ്റു ജീവനക്കാർ എന്നിവരോടുള്ള നന്ദി രേഖപ്പെടുത്തികൊണ്ട് 2015-2016 വർഷത്തെ നീക്കിയിരിപ്പ് തുകയായ 6,77,02,012/- രൂപ ഉൾപ്പെടെ 153,45,41,912/- വരവും 144,53,22,050/- രൂപ ചെലവും 8,92,19,862/- രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന 2016-2017 വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സഭയുടെ വിശദമായ ചർച്ചയ്ക്കും വിലപ്പെട്ട നിർദ്ദേശങ്ങൾക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

**കെ.കെ. ഷിബു**

വൈസ് ചെയർമാൻ

&

ടാക്സേഷൻ & ഫൈനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

നെയ്യാറ്റിൻകര

24.06.2016

## പ്രമേയങ്ങൾ

1. നെയ്യാറ്റിൻകരയിലെ ഏകപൊതുമേഖലാ സ്ഥാപനമായിട്ടുള്ള കേരള ആട്ടോമൊബൈൽസ് വലിയ പ്രതിസന്ധി നേരിടുന്നു. പ്രസ്തുത സ്ഥാപനം ലാഭകരമാക്കുന്നതിനുള്ള തീരുമാനം കൈകൊള്ളണമെന്ന് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു.
2. നെയ്യാറ്റിൻകരയിൽ ഒരു ഐ.റ്റി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു.
3. പെരുമ്പഴുതൂർ, ഊരുട്ടുകാല ഹൈസ്കൂളുകൾക്ക് ഹയർ സെക്കണ്ടറി അനുവദിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നു.
4. നാഷണൽ ഹൈവേ വികസനം വേഗതയിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സർക്കാരിനോട് ആവശ്യപ്പെടുന്നു.
5. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ മെഡിക്കൽ കോളേജ് ആശുപത്രിയാക്കി ഉയർത്തുവാൻ സർക്കാരിനോട് ആവശ്യപ്പെടുന്നു.
6. റ്റി.ബി. ജംഗ്ഷൻ മുതൽ പിരായുംമൂട് വരെ നിലമേൽ തോടിന്റെ സൈഡ്വാൾ കെട്ടുന്നതിന് മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിനോട് ആവശ്യപ്പെടുന്നു.
7. നെയ്യാറ്റിൻകര നഗരസഭയെ ഫസ്റ്റ് ഗ്രേഡായി ഉയർത്തിയ സാഹചര്യത്തിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് സർക്കാരിനോട് ആവശ്യപ്പെടുന്നു.